# കേരള സർവകലാശാല

നം. പി.ആർ.065/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി ഓൺലൈൻ: അപേക്ഷ മേയ് 10 വരെ

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ ബിരുദാനന്തര കോഴ്സുകളിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മേയ് 10 വൈകുന്നേരം അഞ്ച് മണിവരെ നീട്ടി.

### ഡിഗ്രി മൂല്യനിർണ്ണയ ക്യാമ്പ്

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ/ബി.എസ്സി /ബി.കോം (കരിയർ റിലേറ്റഡ്) റഗുലർ & സപ്ലിമെന്ററി പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകൾ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ഗവ. സംസ്കൃത കോളേജ്, കൊല്ലം എസ്.എൻ കോളേജ്, പന്തളം എൻ.എസ്.എസ് കോളേജ്, ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജ് എന്നിവിടങ്ങളിൽ മേയ് ആറ് (ബി.എ/ബി.കോം), മേയ് ഒമ്പത് (ബി.എസ്സി/ കരിയർ റിലേറ്റഡ് കോഴ്സുകൾ) തീയതികളിൽ തുടങ്ങും. ബന്ധപ്പെട്ട അദ്ധ്യാപകർ അതത് കേന്ദ്രങ്ങളിൽ ഹാജരാകണം.

### ബി.എസ്സി പ്രാക്ടിക്കൽ പരീക്ഷകൾ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ മേയ് അഞ്ച് മുതൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ **(www.keralauniversity.ac.in)** ലഭിക്കും.

കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്സി ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ് (2 (ബി) 242) പ്രാക്ടിക്കൽ പരീക്ഷകൾ മേയ് 10 മുതൽ ചേർത്തല നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റിൽ നടത്തും. ടൈംടൈബിൾ വെബ്സൈറ്റിൽ **(www.keralauniversity.ac.in)** ലഭിക്കും.

ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്സി എൻവയോൺമെന്റൽ സയൻസ് ആൻഡ് എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് പ്രാക്ടിക്കൽ പരീക്ഷകൾ മേയ് 25 മുതൽ ചേർത്തല എൻ.എസ്.എസ് കോളേജിൽ നടത്തും. ടൈംടൈബിൾ വെബ്സൈറ്റിൽ **(www.keralauniversity.ac.in)** ലഭിക്കും.

### പ്രോജക്ട് മാർഗ്ഗ നിർദ്ദേശ ക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം തിരുവനന്തപുരം കേന്ദ്രത്തിലെ രണ്ടാം വർഷ എം.എ. മലയാളം വിദ്യാർത്ഥികൾക്കുള്ള പ്രോജക്ട് മാർഗ്ഗ നിർദ്ദേശ ക്ലാസ് ഏപ്രിൽ 30 വൈകുന്നേരം മൂന്ന് മണിക്ക് കാര്യവട്ടത്ത് നടത്തും. പ്രോജക്ട് ചെയ്യാനാഗ്രഹിക്കുന്നവർ നിർബന്ധമായും പങ്കെടുക്കണം.

## ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാഗ്വേജ് & ലിറ്ററേച്ചർ പരീക്ഷ

കേരള സർവകലാശാല ജൂണിൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് ഒമ്പത് (50 രൂപ പിഴയോടെ മേയ് 11, 250 രൂപ പിഴയോടെ മേയ് 13) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 200 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി. പ്രായപരിധിയില്ല. ഫീസ് 7500/- രൂപ. ക്ലാസ് ശനി, ഞായർ ദിവസങ്ങളിൽ നടത്തും. പ്ലസ് ടു പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഇന്റർവ്യൂ സമയത്ത് ജയിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകും. കോഴ്സ് കാലാവധി ആറ് മാസം. മറ്റ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ കോഴ്സിന് പ്രവേശനം നേടാം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മേയ് ഏഴ്. താൽപര്യമുള്ളവർ പി.എം.ജിയിലുള്ള തുടർവിദ്യാഭ്യാസ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ 0471-2302523.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
29.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ